## HADIA CSE Khutba Notes (22.03.2019)

# ലോകജലദിനം ആചരിക്കപ്പെടുമ്പോൾ

മാർച്ച് 22 ലോകജലദിനം

എല്ലാ വർഷവും മാർച്ച് 22ാണ് ലോക ജലദിനം ആയി ആചരിക്കുന്നത്. ജലം ഓരോ തുള്ളിയും സൂക്ഷിച്ച് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ലോകജനതയെ മനസ്സിലാക്കുകയാണ് ജലദിനാചരണത്തിന്റെ ലക്ഷ്യം. ലോക ജലദിനമെന്ന നിർദ്ദേശം ആദ്യമായി ഉയർന്നുവന്നത് 1992 ൽ ബ്രസീലിലെ റിയോവിൽ ചേർന്ന യു.എൻ. കോൺഫറൻസ് ഓൺ എൻവയൺമെന്റ് ആൻഡ് ഡവലപ്മെന്റിലാണ്. ഇതേ തുടർന്ന് യു.എൻ. ജനറൽ അസംബ്ലി 1993 മാർച്ച് 22 മുതൽ ഈ ദിനം ലോക ജലദിനമായി ആചരിക്കുവാൻ തീരുമാനിച്ചു.

അടുത്ത മഹായുദ്ധം നടക്കാൻ പോകുന്നത് കുടിവെള്ളത്തിന് വേണ്ടിയായിരിക്കും എന്നൊരു പറച്ചിലുണ്ട്. കുടിവെള്ളത്തിന് സ്വർണത്തേക്കാൾ വിലവരുന്ന കാലത്തേക്ക് ലോകം മാറികൊണ്ടിരിക്കുന്നു. ജനസംഖ്യ വർദ്ധിക്കുകയും ഭൂമിയിൽ ജലം കുറയുകയും ചെയ്യുന്ന സ്ഥിതി വരാൻ പോകുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന രാജ്യങ്ങളുടെ പട്ടികയിലേക്ക് നീങ്ങുന്നു. കുടിവെള്ള സ്രോതസ്സുകളെല്ലാം ദിനം പ്രതി മലിനമായിക്കൊണ്ടിരിക്കുകയാണ്. മഹാനദികൾ ഇന്ന് മാലിന്യക്കൂമ്പാരങ്ങളാണ്. കിണറുകളും കുളങ്ങളും രാസവസ്തുക്കളാലും ഖരമാലിന്യങ്ങളാലും അന്യമായി മാറുന്നു. ലോക ജലദിനത്തിൽ ഓർമ്മിക്കപ്പെടേണ്ട വസ്തുതകൾ ഇവയെല്ലാമാണ്.

ജലഗ്രഹം എന്നു വിളിക്കപ്പെടുന്ന ഈ ഭൂമിയിൽ വെള്ളം കുറയാനുള്ള കാരണം മനുഷ്യരുടെ തിന്മകൾ തന്നെയാണ്.

പണ്ടുള്ളവർ കുറഞ്ഞ വെള്ളം കൊണ്ട് ശുദ്ധീകരണം നടത്തിയിരുന്നു. എന്നാൽ നാം നേരെ തിരിച്ചാണ്. ഇന്ന് നാം ഉപയോഗിക്കുന്നതിലേറെ പാഴാക്കുന്നു. ഇന്ന് വീട്ടിലെ നജസ് ശുദ്ധീകരിക്കുമ്പോൾ ടൈൽസും മാർബോണൈറ്റുമൊക്കെയായതുകൊണ്ട് കൂടുതൽ വെള്ളം ആവശ്യമായി വരുന്നു. ബാത്റൂമിൽ ഫ്ളഷ് ചെയ്യുമ്പോൾ 10 ലിറ്ററോളം വെള്ളം നഷ്ടപ്പെടുന്നു. പഴയ കാലത്തേക്കാളേറെ ഇന്ന് നാം ജലസംരക്ഷണത്തിന് കൂടുതൽ പ്രാമുഖ്യം നൽകേണ്ടതുണ്ട്. ഒരു തുള്ളിയെങ്കിലും വരും തലമുറക്ക് സൂക്ഷിക്കുക എന്ന സന്ദേശം നൽകുക. വേനലിൽ മാത്രമല്ല മഴക്കാലത്തും നാം സൂക്ഷമത പുലർത്തണം. 2050 ആവുമ്പോഴേക്കും ലോകജനസംഖ്യയുടെ പകുതിയിലധികം പേരും കുടിക്കാൻ ശുദ്ധജലം ലഭിക്കാതെ പ്രയാസപ്പെടുമെന്ന് കണക്കുകൾ പറയുന്നു. അന്തരീക്ഷമലിനീകരണം, വനനശീകരണം , ജലസ്രോതസ്സുകൾ നശിപ്പിക്കുക തുടങ്ങി നാം ചെയ്യുന്ന പ്രവൃത്തി കാരണമായാണ് ഇതെല്ലാം സംഭവിക്കുന്നത്.

ظهر الفساد في البر والبحر بما كسبت أيدي الناس ليذيقهم بعض الذي عملوا لعلهم يرجعون سورة الروم 41

وقال زيد بن رفيع: {ظهر الفساد} يعني انقطاع المطر عن البر يعقبه القحط، وعن البحر تعمى دوابه. رواه ابن أبي حاتم.

വെള്ളം എങ്ങനെ സംരക്ഷിക്കണമെന്നതിന് ഇസ്ലാമിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്

قَالَ :أَبُو كَامِلٍ ، حَدَّثَنَا بِشْرٌ ، حَدَّثَنَا أَبُو رَيْحَانَةَ ، عَنْ سَفِينَةَ ، قَالَ : كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُغَسِّلُهُ الصَّاعُ مِنَ الْمَاءِ مِنَ الْجَنَابَةِ ، وَيُوَضِّئُهُ الْمُدُّ (صحيح مسلم)

വളരേ കുറഞ്ഞ വെള്ളം കൊണ്ട് നബി തങ്ങൾ കുളിക്കുകയും വുളൂ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സ്വഹാബികളോട് വെള്ളം അമിതമായി ഉപയോഗിക്കരുതെന്ന് കൽപിച്ചിട്ടുണ്ട്.

وعن عبد الله بن عمرو بن العاص رضي الله عنهما ، أن النبي صلى الله عليه وسلم مر بسعد وهو يتوضأ فقال : ما هذا السرف يا سعد قال : أفي الوضوء سرف ؟ ! قال : " نعم ! وإن كنت على نهر جار ) رواه أحمد ، وابن ماجه .

ആയിരം ആയത്തുകൾ പാരായണം ചെയ്ത പ്രതിഫലം ലഭിക്കുന്ന ഒരു സൂറത്തുണ്ട്. സൂറത്തുത്തകാസുർ. ഇതിന്റെ അവസാനത്തെ ആയത്തിൽ പരലോകത്ത് എല്ലാ അനുഗ്രഹങ്ങളെക്കുറിച്ചും ചോദിക്കപ്പെടും എന്ന വിശദീകരണം കേട്ടപ്പോ ഒരു പാവപ്പെട്ട സ്വഹാബി ചോദിച്ചു. എനിക്ക് വല്ല അനുഗ്രഹങ്ങളുമുണ്ടോ നബിയേ...

റസൂലിന്റെ മറുപടി:

തണൽ, രണ്ടു ചെരിപ്പുകൾ, നല്ല തണുത്ത വെള്ളം എന്നിവ ലഭ്യമാവുക. ഇവയെല്ലാം അനുഗ്രഹങ്ങളാണ്

روى أبو هريرة عن النبي - صلى الله عليه وسلم - أنه قال : أول ما يسأل عنه العبد يوم القيامة عن النعيم فيقال له : ألم نصحح لك جسمك ونروك من الماء البارد وقال محمود بن لبيد : لما نزلت هذه السورة قالوا : يا رسول الله عن أي نعيم نسأل ؟ إنما هما الماء والتمر وسيوفنا على عواتقنا والعدو حاضر ، فعن أي نعيم نسأل ؟ قال : إن ذلك سيكون وروي عن عمر أنه قال : أي نعيم نسأل عنه يا رسول الله وقد أخرجنا من ديارنا وأموالنا ؟ فقال صلى الله عليه وسلم : من أصبح آمنا في سربه معافى في بدنه وعنده قوت يومه فكأنما حيزت له الدنيا بحذافيرها وروي أن شابا أسلم في عهد رسول الله - صلى الله عليه وسلم - فعلمه رسول الله سورة ألهاكم ، ثم زوجه رسول الله امرأة فلما دخل عليها ورأى الجهاز العظيم والنعيم الكثير خرج وقال : لا أريد ذلك فسأله النبي - عليه الصلاة والسلام - عنه فقال : ألست علمتني : ( ثم لتسألن يومئذ عن النعيم ) [ ص: ٧٨ ] وأنا لا أطيق الجواب عن ذلك . <u>وعن أنس لما نزلت الآية قام محتاج فقال : هل علي من النعمة شيء ؟ قال : الظل والنعلان والماء البارد</u>

ഓക്സിജനില്ലാതെ ജീവിക്കുന്ന ജീവജാലങ്ങൾ ഭൂമിയിലുണ്ട്. എന്നാൽ വെള്ളമില്ലാതെ ജീവിക്കാൻ ആർക്കും കഴിയില്ല. അത്രയും അത്യാവശ്യമാണ്. കുടിക്കാനും ഭക്ഷണം പാകം ചെയ്യാനും കുളിക്കാനും മറ്റു ശുദ്ധീകരണങ്ങൾക്കുമെല്ലാം വെള്ളം വേണം. മനുഷ്യശരീരത്തിലെ കണ്ണ് വെള്ളത്തിലാണ്. വായയിലെപ്പോഴും വെള്ളം വേണം. എന്നാലേ ഉമിനീർ ഉണ്ടാവുകയുള്ളൂ. ഈ അനുഗ്രഹത്തെ പരലോകത്ത് പ്രത്യേകം ചോദ്യം ചെയ്യപ്പെടുകയും ചെയ്യും.

وَجَعَلْنَا مِنَ الْمَاءِ كُلَّ شَيْءٍ حَيٍّ ۖ أَفَلَا يُؤْمِنُونَ (٣٠

وَأَنزَلْنَا مِنَ السَّمَاءِ مَاءً طَهُورًا (٤٨) لِّنُحْيِيَ بِهِ بَلْدَةً مَّيْتًا وَنُسْقِيَهُ مِمَّا خَلَقْنَا أَنْعَامًا وَأَنَاسِيَّ كَثِيرًا (سورة الفرقان)

مَّثَلُ الْجَنَّةِ الَّتِي وُعِدَ الْمُتَّقُونَ ۖ فِيهَا أَنْهَارٌ مِّن مَّاءٍ غَيْرِ آسِنٍ وَأَنْهَارٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُ وَأَنْهَارٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّارِبِينَ وَأَنْهَارٌ مِّنْ عَسَلٍ مُّصَفًّى ۖ وَلَهُمْ فِيهَا مِن كُلِّ الثَّمَرَاتِ وَمَغْفِرَةٌ مِّن رَّبِّهِمْ ۖ كَمَنْ هُوَ خَالِدٌ فِي النَّارِ وَسُقُوا مَاءً حَمِيمًا فَقَطَّعَ أَمْعَاءَهُمْ (١٥) سورة محمد

هُوَ الَّذِي أَنزَلَ مِنَ السَّمَاءِ مَاءً ۖ لَّكُم مِّنْهُ شَرَابٌ وَمِنْهُ شَجَرٌ فِيهِ تُسِيمُونَ (١٠) سورة محمد

സ്വർഗത്തെക്കുറിച്ച് പറയുമ്പോൾ ശുദ്ധമായ വെള്ളത്തെക്കുറിച്ച് പറഞ്ഞു. ഇതിന്റെ ആസ്വാദനം സ്വർഗീയസുഖമാണ്. നരകാവകാശികളെക്കുറിച്ച് പറയുമ്പോൾ അവർക്ക് മോശമായ രീതിയിൽ വെള്ളം ലഭിക്കുന്നതിനെ കുറിച്ചും പറഞ്ഞു.

وَأَمَّا إِن كَانَ مِنَ الْمُكَذِّبِينَ الضَّالِّينَ (٩٢) فَنُزُلٌ مِّنْ حَمِيمٍ (٩٣ )

وَقُلِ الْحَقُّ مِن رَّبِّكُمْ ۖ فَمَن شَاءَ فَلْيُؤْمِن وَمَن شَاءَ فَلْيَكْفُرْ ۚ إِنَّا أَعْتَدْنَا لِلظَّالِمِينَ نَارًا أَحَاطَ بِهِمْ سُرَادِقُهَا ۚ وَإِن يَسْتَغِيثُوا يُغَاثُوا بِمَاءٍ كَالْمُهْلِ يَشْوِي الْوُجُوهَ ۚ بِئْسَ الشَّرَابُ وَسَاءَتْ مُرْتَفَقًا (٢٩ )

مِّن وَرَائِهِ جَهَنَّمُ وَيُسْقَىٰ مِن مَّاءٍ صَدِيدٍ (١٦) يَتَجَرَّعُهُ وَلَا يَكَادُ يُسِيغُهُ وَيَأْتِيهِ الْمَوْتُ مِن كُلِّ مَكَانٍ وَمَا هُوَ بِمَيِّتٍ ۖ وَمِن وَرَائِهِ عَذَابٌ غَلِيظٌ (١٧) سورة ابرهيم (

وَسُقُوا مَاءً حَمِيمًا فَقَطَّعَ أَمْعَاءَهُمْ

- മുത്ത് നബി സ്വല്ലല്ലാഹുഅലൈഹിസല്ലമയുടെ മുഅ്ജിസത്തായി കൈവിരലുകളിൽ നിന്ന് വെള്ളം ഉറവ പൊട്ടിയത്, മൂസാ നബി അ യുടെ മുഅ്ജിസത്ത് 12 അരുവികൾ ഒഴുകിയത്, മഴയില്ലാത്ത സമയത്ത് വെള്ളം നൽകുന്നത്.
- ബിഅ്റു റൂമാ ദാനം ചെയ്തതിന് പകരം ഉസ്മാൻ (റ) വിന് സ്വർഗത്തിൽ തോട്ടം പ്രതിഫലം നൽകുന്നുണ്ട്.
- സഅ്ദ് റ ഉമ്മ മരണപ്പെട്ടപ്പോൾ ഉമ്മാക്ക് വേണ്ടി എന്തു ചെയ്യണമെന്ന ചോദ്യത്തിന് നബി തങ്ങളുടെ മറുപടി: ജനങ്ങൾക്ക് വെള്ളം നൽകുക. അവർ കിണർ കുഴിച്ചു. അത് ഉമ്മയുടെ പേരിൽ ദാനം ചെയ്തു.

**HADIA CSE Khutba Notes (22.03.2019)**

# ലോകജലദിനം ആചരിക്കപ്പെടുമ്പോൾ

- ലോകമുസ്‌ലിംകൾ വളരെ പ്രാധാന്യത്തോടെ കാണുന്ന സംസം വെള്ളം, സ്വർഗത്തിലെ വെള്ളം ഹൗളുൽ കൗസർ,
  തുടങ്ങി എല്ലാ നന്മകളും വെള്ളവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

കെട്ടി നിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കരുതേ എന്ന സാരോപദേശം വെള്ളം മലിനമാക്കുന്നത് വളരെ മോശമാണെന്ന് മനസ്സിലാക്കിതരുന്നു.

وَأَنزَلْنَا مِنَ السَّمَاءِ مَاءً بِقَدَرٍ فَأَسْكَنَّاهُ فِي الْأَرْضِ ۖ وَإِنَّا عَلَىٰ ذَهَابٍ بِهِ لَقَادِرُونَ (١٨) سورة المؤمنون

(٢٩) قُلْ أَرَأَيْتُمْ إِنْ أَصْبَحَ مَاؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَاءٍ مَّعِينٍ (٣٠) سورة الملك

ആരാണ് നിങ്ങൾക്ക് വെള്ളം കൊണ്ട് വരാനുള്ളത് ? എന്നു ചോദിച്ച് അത് നഷ്ടപ്പെടുത്തിക്കളയാൻ നാം കഴിവുള്ളവനാണെന്ന് വരെ പറഞ്ഞ് അല്ലാഹു താക്കീത് നൽകുന്നു.

ഇത് കേട്ടപ്പോ ഒരു ധിക്കാരി കൈക്കോട്ട് കൊണ്ടും മറ്റും ഞങ്ങൾ വെള്ളമുണ്ടാക്കുമെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണിലെ വെള്ളം അല്ലാഹു എടുത്തു മാറ്റി. അന്ധനായി മാറി.

وتليت هذه الاية عند بعض المتجبرين فقال تأتي به الفؤوس والمعاول ، فذهب ماء عينه وعمي – تفسير الجلالين

ഈ ആയത്ത് പൂർണമായി ഓതിക്കഴിഞ്ഞാൽ الله رب العالمين എന്ന് പറയൽ പ്രത്യേക സുന്നത്താണ്.

عن أبي هريرة رضي الله عنه أن رسول الله صلى الله عليه وسلم قال: "بينما رجل يمشي فاشتد عليه العطش فنزل بئراً فشرب منه ثم خرج فإذا هو بكلب يلهث يأكل الثرى من العطش فقال: لقد بلغ هذا مثل الذي بلغ بي فملأ خفه ثم أمسكه بفيه، ثم رقى فسقى الكلب فشكر الله له فغفر له، قالوا: يا رسول الله، وإن لنا في البهائم أجراً؟ قال: في كل كبد رطبة أجر ". [صحيح البخاري:

നായക്ക് വെള്ളം നൽകിയ സംഭവം: നബിതങ്ങൾ സ്വഹാബത്തിനോട് പറഞ്ഞപ്പോൾ അവർ ചോദിച്ചു. മൃഗങ്ങളുടെ കാര്യത്തിലും ഞങ്ങൾക്ക് കൂലിയുണ്ടോ നബിയേ

നബി തങ്ങൾ മറുപടി പറഞ്ഞു.

ജീവനുള്ള ഓരോന്നിലും കൂലിയുണ്ട്.

ജീവജാലങ്ങൾക്ക് വെള്ളം കുടിക്കാനുള്ള സൗകര്യം വീട്ടിലുണ്ടാക്കി വെക്കുകയെന്നാൽ വലിയ സ്വദഖഃയാണ്.

عن أبي هريرة رضي الله عنه عن النبي صلى الله عليه وسلم قال ثلاثة لا يكلمهم الله يوم القيامة ولا ينظر إليهم رجل حلف على سلعة لقد أعطى بها أكثر مما أعطى وهو كاذب ورجل حلف على يمين كاذبة بعد العصر ليقتطع بها مال رجل مسلم **ورجل منع فضل ماء** فيقول الله اليوم أمنعك فضلي كما منعت فضل ما لم تعمل يداك [صحيح البخاري

മാത്രമല്ല അന്ത്യനാളിൽ അല്ലാഹു തിരിഞ്ഞു നോക്കാത്ത കൂട്ടരിൽ വെള്ളം തടഞ്ഞുവെച്ചവർ പെടുന്നുണ്ട്.

അല്ലാഹു അദ്ദേഹത്തോട് പറയും, നീ നിന്റെ കഴിവിൽപെടാത്ത എന്റെ വെള്ളം തടഞ്ഞു വെച്ചതിന് പകരമായി ഇന്ന് എന്റെ അനുഗ്രഹത്തെ നിനക്ക് നാം തടയും.

നാം നല്ലവരാണെങ്കിൽ അല്ലാഹു വെള്ളം തരും.

وَلَوْ أَنَّ أَهْلَ الْقُرَىٰ آمَنُوا وَاتَّقَوْا لَفَتَحْنَا عَلَيْهِم بَرَكَاتٍ مِّنَ السَّمَاءِ وَالْأَرْضِ وَلَٰكِن كَذَّبُوا فَأَخَذْنَاهُم بِمَا كَانُوا يَكْسِبُونَ (٩٦) سورة الاعراف

**HADIA CSE Khutba Notes (22.03.2019)**

# ലോകജലദിനം ആചരിക്കപ്പെടുമ്പോൾ

നാം സൂക്ഷിച്ച് ജീവിച്ചാലും ഇസ്തിഗ്ഫാറും മറ്റു സൽകർമങ്ങളും അല്ലാഹുവിനോടുള്ള നന്ദിയും ചെയ്താൽ നമുക്ക് മഴയും വെള്ളവും നൽകും.

فَقُلْتُ اسْتَغْفِرُوا رَبَّكُمْ إِنَّهُ كَانَ غَفَّارًا ( ١٠ )

يُرْسِلِ السَّمَاءَ عَلَيْكُم مِّدْرَارًا (١١)

വ്യത്യസ്തരൂപത്തിലുള്ള വേറെ വേറെ രുചികളുള്ള പഴം നൽകുന്ന സസ്യലതാദികളും വ്യത്യസ്തസ്വഭാവമുള്ള വ്യത്യസ്ത ഭക്ഷണരീതികളുള്ള മൃഗങ്ങളും എല്ലാവർക്കും വെള്ളം വേണമെന്നുള്ള വിഷയത്തിൽ ഒറ്റക്കെട്ടാണ്. മനുഷ്യശരീരത്തിൽ 70 ശതമാനം വെള്ളമാണ്. ഭൂമിയുടെ മൂന്നിൽ രണ്ടു ഭാഗം വെള്ളമാണ്. ഒരു കുഞ്ഞിന് ആദ്യമായി ലഭിക്കുന്ന അമ്മിഞ്ഞപ്പാല് വെള്ളമാണ്. കണ്ണുനീർ, വിയർപ്പ്, മൂത്രം എല്ലാം വെള്ളമാണ്. അല്ലാഹുവിന്റെ വിശേഷണമായ റഹ്മാൻ നമ്മളും ശ്രദ്ധിക്കേണ്ടതാണ്. നമ്മളും നന്നായി കൊടുക്കണം. ഇന്ന് വെള്ളത്തിന്റെ പേരിൽ കേരളവും തമിഴ്നാടും തർക്കത്തിലാണ്. കേരളത്തിലെ ആലപ്പുഴ ജില്ലയിലെ മാന്നാറിൽ ഈയടുത്ത് ഒരു സഹോദരന് വെട്ടേറ്റു. കനാലിലെ വെള്ളം തിരിച്ചു വിടാത്തതിനെച്ചൊല്ലിയുള്ള തർക്കമാണ് ഇങ്ങനെ കലാശിച്ചത്.

നമുക്ക് വായുവും ഓക്സിജനും അല്ലാഹു ധാരാളമായി തന്നു. വെള്ളം ധാരാളമായി തന്നതിന് നന്നായി ശുക്റ് ചെയ്യുക. നാഥൻ തുണക്കട്ടെ. ആമീൻ


**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**